പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4605. — 04/02/2014 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിലെ ഒറ്റത്തവണ തീർപ്പാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, എം.പി.വിൻസെന്റ്. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാലേഷൻ കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) ഉണ്ട്.<br>1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 9(1)(സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ, ടി നിയമത്തിലെ 45 ബി വകുപ്പുപ്രകാരം നടപടി സ്വീകരിച്ച അണ്ടർ വാലേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി, പൊതുതാത്പര്യാർത്ഥം, മുദ്രവില/രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവു നൽകിക്കൊണ്ട്, 25/8/2012-ലെ ജി.ഒ.(പി)151/2012/നിവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 31/03/2014 വരെയാണ്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) ആധാരങ്ങളിൽ വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട്, 1986 മുതൽ 31/03/2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർ വാലേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി, സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| സി) ഇവ നടപ്പാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ? | സി) 31/12/2013 വരെ 113701 കേസ്സുകൾ തീർപ്പാക്കിയതിലൂടെ, 26,29,62,837/- രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.